*⇨ നീതിബോധം എല്ലാ മനുഷ്യർക്കുള്ളിലും കുറച്ചെങ്കിലും കാണും ⇨*

# യുക്തിവാദികൾ തീവ്രവാദം ഉപേക്ഷിക്കുമോ?

യുക്തിപൂർവ്വം ചിന്തിക്കാനുള്ള ശേഷിയാണ് ഇതര ജീവജാതികളിൽ നിന്നും മനുഷ്യനെ വ്യത്യസ്തനാക്കുന്നത്. ഈ യുക്തിയെ അഥവ ദാർശനികമായ റാഷണിലിസത്തെ എന്തിനാണ് ഒരു നിഷേധ പ്രസ്ഥാനത്തിന്റെ, നിരീശ്വരപ്രസ്ഥാനത്തിന്റെ തൊഴുത്തിൽ കെട്ടിയിട്ടത്?

**ഡേവിസ് വളർക്കാവ്**

**യുക്തിവാദികൾ** ഭീകരരോ മതഭ്രാന്തരോ അല്ലല്ലോ, പിന്നെന്തിനാണ് തീവ്രവാദം ഉപേക്ഷിക്കാൻ പറയുന്നത്? ആശയമാണ് യുക്തിവാദികളുടെ കരുത്ത്. എന്നാൽ ആശയത്തിന് മൂർച്ച കൂടുമ്പോൾ അത് ആയുധമായി മാറുന്നു. മനുഷ്യമനസ്സിൽ മുറിവുണ്ടാക്കുന്നു. ഇവരാണ് കേരളത്തിൽ കണ്ടുവരുന്ന അപൂർവ്വയിനം യുക്തിവാദികൾ. എന്നാൽ ബോധനത്തിലൂടെ, കരുണയിലൂടെ യുക്തിവാദം പ്രചരിപ്പിക്കാൻ വഴികളുണ്ടായിരുന്നു. എന്തുചെയ്യാം, നഷ്ടപ്പെടുത്തിയ അവസരങ്ങൾ ഓർത്തുനോക്കുന്നത് നന്നായിരിക്കും.

'യുക്തിവാദം' എന്നൊരു ലേഖനം താത്വികാചാര്യനായി അറിയപ്പെടുന്ന കുറ്റിപ്പുഴ എഴുതിയിട്ടുള്ളത് ശ്രദ്ധേയമാണ്. യുക്തിവാദം എന്നതിന് ആംഗലത്തിൽ 'റാഷണലിസം' എന്നാണ് പറയുന്നതെന്നും മലയാളത്തിലത് യുക്തിയെ അഥവാ ന്യായത്തെ അവലംബിച്ചുകൊണ്ടുള്ള വാദമാണെന്നും ആചാര്യൻ എഴുതുന്നു. സാധരണക്കാർക്ക് മനസ്സിലാകുന്ന ഒരു നിർവ്വചനമോ അർത്ഥമോ കൊടുത്തിരുന്നുവെങ്കിൽ ഇവർ ഇത്രമാത്രം ഒറ്റപ്പെടുമായിരുന്നില്ല എന്ന് തോന്നിയിട്ടുണ്ട്. റാഷണലിസത്തിന് യുക്തിവാദം എന്നതിനു പകരം ന്യായവാദം എന്ന് പ്രചരണം വന്നിരുന്നെങ്കിൽ ന്യായം എന്ന സങ്കല്പത്തിന് ജസ്റ്റിസ് എന്ന ഇംഗ്ലീഷ് പദത്തിന് ലഭിക്കുന്ന മാന്യതയെങ്കിലും ലഭിക്കുമായിരുന്നു. അന്യായത്തിനെതിരെയെന്നും ന്യായത്തിനുവേണ്ടിയെന്നും മനസ്സിലാക്കപ്പെടുമായിരുന്നു. ന്യായത്തിനുവേണ്ടി നിലകൊള്ളുന്ന വ്യക്തികളേയും ആശയങ്ങളേയും പ്രസ്ഥാനങ്ങളേയും അനുഭാവപൂർവ്വം പരിഗണിക്കുന്ന പാരമ്പര്യമായൊരു 'സൈക്ക്' ഗുണകരമാകുമായിരുന്നു. നീതിബോധം എല്ലാ മനുഷ്യർക്കുള്ളിലും കുറച്ചെങ്കിലും കാണും.

പ്രസിദ്ധമായ ഭാരതീയ ഷഢ്ദർശനങ്ങളിൽ കപില മുനിയുടെ ന്യായം എന്ന ദർശനം ചിന്താശീലരുടെ ആദരവ് നേടിയ ഒന്നാണ്. റാഷണലിസം എന്നതിന് ന്യായവാദം എന്നതാണ് കൂടുതൽ സ്വീകാര്യമാകേണ്ടിയിരുന്നത്. യുക്തി എന്നത് പണ്ഡിതന്മാർക്കിടയിൽ മാത്രം അംഗീകരിക്കപ്പെടുന്ന ഒന്നാണ്. ഖണ്ഡന-മണ്ഡനങ്ങൾ അഭ്യസിച്ചവർക്കുമാത്രം ലളിതമാകുന്നതുമാണ്. ബുദ്ധിപരമായ അന്വേഷണാത്മകമായ കാര്യങ്ങളെ വിശദമാക്കുന്ന സന്ദർഭത്തിൽ യുക്തി എന്നുതന്നെയാണ് ഗ്രന്ഥങ്ങൾ പലയിടത്തും പ്രതിപാദിച്ചിട്ടുള്ളത്. സംസ്കൃതഭാഷയും തർക്കവും വ്യാകരണവും വഴങ്ങുന്നവർക്കിടയിൽ ഇതൊരു ഗുരുതരമായ പ്രശ്നമല്ല. എന്നാൽ

ഡിസംബർ 27, 28, 29 തീയതികളിൽ തൃശൂരിൽ വച്ച് നടക്കുന്ന കേരള യുക്തിവാദി സംഘം സംസ്ഥാന സമ്മേളനത്തിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്ന ലഘുലേഖയിൽ ഈ ലേഖനം ഉൾപ്പെടുത്തിയിട്ടുണ്ട്.

സാധാരണക്കാർക്ക് യുക്തിയെന്നാൽ കലഹവും തർക്കവും വാദിക്കലും ജയിക്കലും തോൽപ്പിക്കലും ഉത്തരം മുട്ടിക്കലും ഒക്കെയായി മാത്രമേ കാണാൻ കഴിയാറുള്ളു. ബൗദ്ധികമായി ഉയർന്ന സവിശേഷതകളുള്ളവർക്കിടയിൽ യുക്തിയുടെ ആന്തര അർത്ഥം തിരിച്ചറിയപ്പെടുന്നുണ്ട്.

കേരളത്തിനുപുറത്ത് പലസ്ഥലത്തും ഇത്തരം പ്രസ്ഥാനങ്ങൾ വിവിധ പേരുകളിൽ നിലനിൽക്കുന്നുണ്ട്. കേൾക്കുമ്പോഴേക്കും ചൊറിഞ്ഞു തടിക്കുന്ന പേരുകളല്ല ഇതിൽ പലതും. തമിഴ് നാട്ടിൽ ഇത് ദ്രാവിഡ കഴകമായും കുറേക്കൂടി ആഴത്തിൽ ചിന്തനയാളർ കഴകമായും അറിയപ്പെടുന്നു. തമിഴ്നാടിനും പുറത്ത് സത്യശോധക് സംഘ്, ഫ്രീ തിങ്കേഴ്സ് എന്നീ പേരുകളിലും ഇത്തരം പ്രസ്ഥാന

നിരീശ്വരത്വത്തിന് എത്തിസം എന്നാണ് ആംഗലം. റാഷണലിസവും എത്തിസവും രണ്ടും രണ്ടാണ്. ഇക്കാര്യത്തിൽ ഇടമറുകാണ് ശരി. നിരീശ്വരത്വം പ്രചരിപ്പിക്കുന്നു, എത്തിസ്റ്റ് എന്ന് പ്രഖ്യാപിക്കുന്നു.കേരളീയ യുക്തിവാദികളോ യുക്തിവാദം – റാഷണലിസം എന്ന് പ്രഖ്യാപിക്കുന്നു, നിരീശ്വരത്വം പ്രചരിപ്പിക്കുന്നു.

ങ്ങൾ അറിയപ്പെടുന്നു. ഒരു പേരിലെന്ത് കാര്യമെന്ന് സംശയിച്ചേക്കാം.  യൂദാസ്, ക്രിസ്തുവിനെ ഒറ്റിക്കൊടുത്ത ശിഷ്യനാണെന്ന് പരക്കെ പ്രചാരത്തിലുണ്ട്. സാധാരണ ക്രിസ്ത്യാനികൾ അങ്ങിനെ കരുതുകയും ചെയ്യുന്നു. എന്റെ മകന് യൂദാസ് എന്ന പേര് ഞാൻ ഇടുന്നുവെന്ന് സങ്കൽപിക്കുക. എത്രത്തോളം സ്വീകാര്യത ഈ പേരിനുണ്ട്? യൂദാസ് എന്ന് പേരുള്ള ഒരു വിശുദ്ധൻ ക്രൈസ്തവർക്കിടയിൽ ഉണ്ടെന്ന ന്യായം ഞാൻ എത്ര തവണ പറയേണ്ടിവരുമെന്ന് ആലോചിക്കുന്നത് രസകരമാണ്. അപ്പോൾ നാമത്തിലും വളരെ അർത്ഥങ്ങളും അനർത്ഥങ്ങളും ഉണ്ടെന്ന് നമുക്ക് മനസ്സിലാകും.

സ്വാതന്ത്ര്യാനന്തര ഭാരതം അനുഭവിച്ച രാഷ്ട്രീയ ക്ലേശമായിരുന്നു അടിയന്തിരാവസ്ഥ. അതിന് തുനിഞ്ഞവർപോലും ഇനിയിത് ആവർത്തിക്കരുതെന്ന് കുമ്പസാരിച്ചു. അടിയന്തിരമായ എന്തെങ്കിലും ആവശ്യത്തിനായിരുന്നോ രാഷ്ട്രീയ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതും സ്വാതന്ത്ര്യത്തെ തുറുങ്കിലടച്ചതും? പേരോ എമർജൻസി – അടിയന്തിരാവസ്ഥ! പേരുകേട്ടാൽ വളരെ അത്യാവശ്യമായിരിക്കുന്ന ഒരു കർമ്മം. ചെയ്തി ഏറ്റവും നിന്ദ്യമായ സ്വേഛാധിപത്യം. അപ്പോൾ പേരിന് സ്വാധീനമുണ്ട്, നല്ലതിനും ചീത്തക്കും. പേരിൽ രാഷ്ട്രീയമുണ്ട്, സംസ്ക്കാരമുണ്ട്, ചരിത്രമുണ്ട്, ഗ്രാമ്യതയുണ്ട്, ഹിംസാത്മകതയുണ്ട്, ആന്തരികാർത്ഥമുണ്ട്, ആകർഷണീയതയുണ്ട്, കാവ്യമുണ്ട്, പ്രകൃതിയുണ്ട്, ആദർശ പ്രഖ്യാപനമുണ്ട്, ജാതിയുണ്ട്, മതമുണ്ട് എന്നൊക്കെ മനസ്സിലാക്കേണ്ടിവരുന്നു. വ്യക്തിയുടെ പേരിലോ സംഭവത്തിന്റെ പേരിലോ ഉള്ള ജാഗ്രതയേക്കാൾ ഒരു സംഘടനയ്ക്ക് ഇത് വളരെ പ്രധാനമാണ്. പ്രത്യേകിച്ചും ചിന്താശീലരായ ഒരു പാരമ്പര്യത്തിന്റെ തുടർച്ച അവകാശപ്പെടുന്നവർക്ക്.

നേതാവ് പറഞ്ഞപോലെ ചെയ്തികളെക്കുറിച്ച് നോക്കാം. ഒരു യുക്തിദർശനം (റാഷണലിസം) വികസിപ്പിക്കാനായില്ലതന്നെ. മാത്രമല്ല നിരീശ്വരത്വത്തിൽ ചെന്ന് ചാടുകയും ചെയ്തു. യുക്തിക്ക് – സവിശേഷമായ ചിന്താഗതിക്ക്– ദൈവനിഷേധം ഒരു അനിവാര്യതയല്ല. എന്നാൽ യുക്തിവാദി സംഘങ്ങളിൽ നിരീശ്വരരല്ലാത്ത ആരുമില്ല എന്നുകാണാം. നിരീശ്വരത്വമാണ് യുക്തിവാദമെന്ന് സാമാന്യ ജനം കരുതുകയും ചെയ്യുന്നു. യുക്തിവാദികളും കലാന്തരത്തിൽ അതായിമാറിക്കഴിഞ്ഞു. ഈശ്വരനെ അംഗീകരിക്കാതെ നിരീശ്വരനാകാനാവില്ല എന്നത് യുക്തിയല്ലേ? നിരീശ്വരത്വത്തിന് എത്തിസം എന്നാണ് ആംഗലം. റാഷണലിസവും എത്തിസവും രണ്ടും രണ്ടാണ്. ഇക്കാര്യത്തിൽ ഇടമറുകാണ് ശരി. നിരീശ്വരത്വം പ്രചരിപ്പിക്കുന്നു, എത്തിസ്റ്റ് എന്ന് പ്രഖ്യാപിക്കുന്നു. കേരളീയ യുക്തിവാദികളോ യുക്തിവാദം – റാഷണലിസം എന്ന് പ്രഖ്യാപിക്കുന്നു, നിരീശ്വരത്വം പ്രചരിപ്പിക്കുന്നു.

ഇതര ജീവജാതിയിൽനിന്ന് മനുഷ്യർക്കുള്ള സവിശേഷതകളിൽ ഒന്നാണ് യുക്തിപൂർവ്വം ചിന്തിക്കാനുള്ള ശേഷി. ഇതിനെ വിവേചനശക്തിയോടുകൂടിയ ബുദ്ധിയെന്നും പറയാം. ഈ യുക്തിയെയാണ് അഥവ ദാർശനികമായ റാഷണിലിസത്തെയാണ് ഒരുനിഷേധ പ്രസ്ഥാനത്തിന്റെ, നിരീശ്വരപ്രസ്ഥാനത്തിന്റെ തൊഴുത്തിൽ കെട്ടിയിട്ടത്. ഇതിനിടക്ക് ഒരു സുരക്ഷിത താവളമായി ചിലർ നാസ്തികത പരിഗണിക്കാറുണ്ട്. നാസ്തികത ദൈവവുമായി ബന്ധപ്പെട്ടതല്ല എന്ന് ഇവരറിയുന്നില്ലേ? എന്തിനാണ് നിരീശ്വരരും യുക്തിവാദികളും നാസ്തികതയെ കൂട്ടുപിടിക്കാൻ ഉത്സാഹം കാട്ടുന്നത്?

അതുപോലെ മതം ഭാരതത്തിലെ വലിയൊരു വിഭാഗം ജനതയെ സ്വാധീനിച്ചിട്ടുള്ള ഒന്നാണ്. മതമാണ് പറയുന്നതെന്നതിനാൽ മതനിഷേധികൾ ആത്മീയതയേയും തള്ളി

⇨ യുവതലമുറയും വൃദ്ധനേതൃത്വവും എന്ന ദ്വന്ദത്തിൽ പ്രശ്നങ്ങൾ വിലയിരുത്തപ്പെട്ടു ⇨

ക്കളയുകയാണ്. ഇത് യുക്തിപരമാണോ? മതാതീത ആത്മീയത ഇവർക്ക് അറിയാനും അനുഭവിക്കാനും കഴിയുന്നില്ല എന്നതാണ് ദുര്യോഗം. തങ്ങൾക്ക് ആവശ്യമില്ലാത്തത് മറ്റാർക്കും വേണ്ട എന്ന ശാഠ്യം യുക്തിപൂർവ്വകമാണോ? ദൈവം ആത്മീയതക്കുള്ളിൽ ഒളിഞ്ഞിരിക്കുന്നെന്ന് കരുതി മതത്തേയും ദൈവത്തേയും തള്ളിക്കളയുമ്പോൾ, മതാതീത ആത്മീയത മാത്രമല്ല, ദൈവരഹിതമായ ആത്മീയതയും ഇവർ അറിയാതെ പോകുന്നു. ഗൗതമ ബുദ്ധന്റെ നാട്ടിലാണ് ഈ ദുർഗതി നടന്നുവരുന്നതെന്നു കാണുമ്പോൾ ചരിത്രവും പാരമ്പര്യവും അറിയുന്നവർക്ക് ദുഃഖിക്കാനേ കഴിയൂ. കേരളത്തിലെ യുക്തിവാദികൾ സംഘടനാരൂപം ആർജിക്കാൻ തുടങ്ങുന്ന കാലത്ത് പ്രഗൽഭരായ നേതാക്കൾ പലരും അതിനെതിരായിരുന്നു. സ്വാതന്ത്ര്യം, സ്വതന്ത്രചിന്ത ഇവക്ക് പരിധികൾ നിശ്ചയിക്കപ്പെടുകയും പിന്നീട് സംഘം സംഘർഷത്തിലേക്കും അധികാരത്തിലേക്കും മതസ്വഭാവത്തിലേക്കും മാറുമെന്ന് ചിലർ ദീർഘവീക്ഷണം ചെയ്തു. കൂട്ടായ്മകൾക്ക് ഊന്നൽ നൽകാനായിരുന്നു ഇവരുടെ അഭിമതം. സഹോദരൻ പ്രസിദ്ധീകരണത്തിൽ നിന്നും സഹോദര സംഘത്തിലേക്കും യുക്തിവാദി മാസികയിൽ നിന്ന് യുക്തിവാദി സംഘത്തിലേക്കും പ്രവേശിച്ചപ്പോൾ കുറച്ചുകാലത്തെ മധുവിധുവിനുശേഷം ആശങ്കൾ യാഥാർഥ്യമായി. യുക്തിബോധത്തോടെ വിലയിരുത്തുന്നതിനു പകരം യുവതലമുറയും വൃദ്ധനേതൃത്വവും എന്ന ദ്വന്ദത്തിൽ പ്രശ്നങ്ങൾ വിലയിരുത്തപ്പെട്ടു. തുടർന്ന് യുവശക്തി യുക്തിവാദി സംഘമായി മുന്നോട്ട് നീങ്ങി. പഴയവരെ വെട്ടിനിരത്തിയില്ല എന്നതൊരാശ്വാസം.

എന്നാലിന്ന് വിലയിരുത്തുമ്പോൾ എത്രയെത്ര യുക്തിവാദിസംഘങ്ങളാണ് കേരളക്കരയിൽ, കേരള കോൺഗ്രസ്സിനെ കളിയാക്കുന്ന പോലെയല്ലേ ഈ ഗ്രൂപ്പുകളിലും സംഭവിക്കുന്നത്. കഴിഞ്ഞ വർഷംവരെ ഒരു കുഞ്ഞ് മലപ്പുറത്ത് ഇക്കൂട്ടർക്ക് ജനിച്ചു. ഇന്ത്യൻ ഭാരതം കേരളം എന്നൊക്കെ ജിയോഗ്രഫിക്കായി കുറേയുണ്ട് ഇവർക്കിടയിൽ. ഭൂപ്രദേശം എന്ന് ബോധപൂർവ്വം എഴുതിയതാണ്. ഈ പ്രദേശത്തിന്റെ സംസ്കാരവുമായി ഇവർക്കൊരു ആശയ ബന്ധവുമില്ല. എന്നാൽ ഇവരും നമ്മുടെ ഉത്തമപൗരന്മാർ തന്നെയാണ്. സംസ്ക്കാരത്തെ പരിഗണിച്ചില്ല എന്നതാണ് പ്രധാനപരാതി. സംഘം ശരണം മുദ്രാവാക്യമാണിപ്പോൾ ഇവരെ നയിക്കുന്ന വികാരം.

രാജഭരണം, പുരോഹിതഭരണം സുൽത്താൻ ഭരണം, പട്ടാളഭരണം, ഏകപാർട്ടിഭരണം, ജനാധിപത്യഭരണം തുടങ്ങിയവയിൽ പുതിയ ലോകം ജനാധിപത്യഭരണത്തെയാണ് കുറവുകളുണ്ടെങ്കിലും പിന്തുണക്കുന്നത്. യുക്തിബോധമുള്ളവർക്ക് ഇതാകും സ്വീകാര്യം. ഇന്ത്യയിലും കേരളത്തിലും നിലനിൽക്കുന്ന ജനാധിപത്യത്തെ പുഷ്ടിപ്പെടുത്താൻ ജനാധിപത്യം അംഗീകരിക്കുന്ന ഓരോരുത്തർക്കും കടമയുണ്ട്. ചിന്താശീലരായ, സത്യനിഷ്ഠരായ, പാർട്ടി അടിമത്വമില്ലാത്ത, മതാനീത കാഴ്ചപ്പാടുകളുള്ള, വർഗ്ഗം, ലിംഗം, ജാതി, വർണ്ണം പരിഗണിക്കാത്ത ഇക്കൂട്ടർക്ക് ചിലത് ചെയ്യാനാകും. യുക്തിവാദികൾ എന്തൊക്കെ ആശയ പാപ്പരത്തമുള്ളവരാണെങ്കിലും മികച്ച വ്യക്തിത്വങ്ങൾ ഇവരിൽ ഉണ്ട്. അതിനാൽ ജനാധിപത്യ സമ്പ്രദായത്തിൽ പൗരിക്ക്/പൗരന് ഉള്ള സ്ഥാനം പുനർനിർണ്ണയിക്കാൻ ഇടപെടാൻ ഇവർക്കാകും. ആശയപരമായി കുറേ സങ്കുചിതത്വങ്ങൾ അതിജീവിച്ച ഇവർക്ക് ഇതിന് കഴിവും ചുമതലയുമുണ്ട്. എന്നാൽ കേരള രാഷ്ട്രീയത്തിൽ വോട്ടും നോട്ടും ഭക്ഷിച്ച് ജീവസന്ധാരണം നടത്തുന്ന മുന്നണികൾക്ക് വേണ്ടി ദാസ്യവേല ചെയ്യുകയാണീ സംഘ നേതൃത്വം. ഇടതുമുന്നണി അധികാരത്തിലിരിക്കുന്ന കാലത്ത് ഇവരുടെ പ്രോഗ്രാം നോട്ടീസുകളിൽ മിക്കപേരിനും സഖാവ് എന്ന് ചേർത്തിരിക്കും. അധികാരമൊഴിഞ്ഞാൽ പ്രവർത്തനം, മന്ദഗതിയിലാകും. നൈതികമല്ലാത്ത ഒരു ഇടതുപക്ഷ കോക്കസ്സ് കുറേക്കാലമായി ഈ സംഘടനയെ കക്ഷത്തൊതുക്കിയിരിക്കയാണ്. എം.എ.ജോൺ പോലുള്ള റിബൽ കോൺഗ്രസ് പാരമ്പര്യമുള്ളവരെപ്പോലും ഉൾക്കൊള്ളാനാകാത്തവിധം അസഹിഷ്ണുക്കളായ ഇവരുടെ മുദ്രാവാക്യങ്ങളും പ്രവർത്തനങ്ങളും രാഷ്ട്രീയപാർട്ടികളുടെ കൊടിക്കുതാഴെ കെട്ടുന്നവിധം കേരളീയ സാംസ്കാരിക രംഗം ജീർണ്ണിച്ച ഇക്കാലത്ത് യുക്തിവാദി സംഘങ്ങൾക്ക് ഇനി പ്രസക്തിയുണ്ടോ?

തീവ്രവാദം ഉപേക്ഷിച്ച് ജനാധിപത്യപരവും വൈവിധ്യങ്ങളെ അംഗീകരിക്കുകയും ചെയ്യുന്ന ഒരു ശൈലി സ്വീകരിച്ച് ആയുധങ്ങൾ താഴെ വെക്കുകയാണെങ്കിൽ എന്തെങ്കിലും പ്രതീക്ഷയുണ്ട്. ഇത് ചിന്താശീലരായവർക്ക് വിടുന്നു. അതോ കാലം ഇതിനെ കയ്യൊഴിഞ്ഞുകൊണ്ടിരിക്കയാണോ? ■



കേരളീയത്തിൽ പ്രസിദ്ധീകരിച്ച
**ഹെന്റി ഡേവിഡ് തോറോയുടെ**
രണ്ട് ലേഖനങ്ങൾ
പുസ്തകരൂപത്തിൽ

പ്രസാധനം:
ഏകലോക സർവ്വകലാശാല,
നിരവിൽപ്പുഴ, വയനാട് - 670731
വില: 35 രൂപ